# ഇയർഫോൺ ചെവിയിൽ കുത്തി
# ഇനി ഞാൻ നടക്കട്ടെ



എൻ.എൻ അബ്ദുൾ ഗഫൂർ

കണ്ണു തുറന്നു പിടിക്കുന്നതാണ്
എല്ലാ കുഴപ്പത്തിനും കാരണം!
കാതടച്ചു നടക്കാത്തതാണ്
ആശങ്കകൾക്ക് കാരണം!
നാവടക്കിപ്പിടിക്കാത്തതാണ്
എല്ലാ നാശത്തിനും കാരണം!

പുരനിറഞ്ഞു നിൽക്കുന്ന
വിരൂപയായ അനിയത്തി
വറവെണ്ണയിൽ
വെന്ത പാതിവിരലുമായി
അടുപ്പുതണയിൽനിന്ന്
എത്തിനോക്കുന്നതും,
വെളിച്ചം കെട്ട കണ്ണുകളിൽ
കണ്ണീർ വടുകെട്ടിയ പടുമുത്തശ്ശി
വിയർപ്പും വിസർജ്യവും തൈലവും
നാറുന്ന നടുവകത്തെ
മഴചോർന്നൊലിച്ചു കുതിർന്ന
കിടക്കയിൽ കിടന്ന്
എത്തിനോക്കുന്നതും
കാണേണ്ടിവരുന്നത്
അതുകൊണ്ടാണ്!

പാറമടയിൽ വീണ്
നട്ടെല്ലൊടിഞ്ഞ അഛൻ
മരണക്കിടക്കയിൽ ഞരങ്ങുന്നതും
വിറവാതം വന്ന അമ്മ
ഊന്നുവടിയിൽ പ്രാഞ്ചി
നടക്കുന്നതും
പിന്നിപ്പറിഞ്ഞ വള്ളിനിക്കറിൽ
നാണമൊളിപ്പിക്കുന്ന കുഞ്ഞനിയൻ
ചെരിപ്പില്ലാത്ത കാലടിയിൽ തറച്ച
കാരമുള്ളു നീക്കുന്നതും
കാണേണ്ടിവരുന്നതും
കേൾക്കേണ്ടി വരുന്നതും
അതുകൊണ്ടു തന്നെ.

'സ്മാർട്ടാ'കാനുള്ള വഴിയിൽ
ഇങ്ങനെയൊന്നുമല്ല വേണ്ടത്!
കടുംനിറമുള്ള ഉടയാടകളിൽ
സ്വയം പൊതിഞ്ഞ്
വടിവൊത്ത ടൈ മുറുക്കി
വായു ഭദ്രമാക്കി
ഒന്നും കാണാതിരിക്കാൻ
കറുത്ത കണ്ണടവെച്ച്
ഒന്നും കേൾക്കാതിരിക്കാൻ
എം പി ത്രീയുടെ ഇയർ ഫോൺ
ചെവിയിൽ തിരുകി
ഒന്നും ഉരിയാടാതിരിക്കാൻ
ചൂയിംഗം അമർത്തിച്ചവച്ച്
കനത്ത ഷൂ ധരിച്ച്
നേരെനോക്കി
ശരവേഗത്തിൽ നടക്കണം!